നമ്പർ.എസ്.റ്റി.എ.(1)13880/2008/ആർ.ബി.എസ്. സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 29. 04. 2008.

## സർക്കുലർ നമ്പർ 28/2008

വിഷയം:-സഹകരണ വകുപ്പ് - സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണസംഘങ്ങളുടെ - 2007-08 വർഷത്തെ നമ്പർ സ്റ്റേറ്റുമെന്റും- സംഘങ്ങളുടെ പട്ടികയും ശേഖരണം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്.

2007 – 2008 വർഷത്തെ നമ്പർ സ്റ്റേറ്റുമെന്റും സംഘങ്ങളുടെ പട്ടികയും ശേഖരിക്കുന്നതിനായി ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. <u>നമ്പർ സ്റ്റേറ്റുമെന്റും സംഘങ്ങളുടെ പട്ടികയും</u>

2007-08 വർഷത്തിൽ ഓരോ സർക്കിളിലും നിലവിലുള്ള സംഘങ്ങളുടെ എണ്ണം പൂർണ്ണമായ മേൽവിലാസം, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ, ചട്ടം 5 പ്രകാരമുള്ള തരംതിരിവ് എന്നീ വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള, പ്രൊഫോർമ (അനുബന്ധം-1) സമർപ്പിക്കേണ്ടതാണ്. മേൽ വിവരങ്ങൾക്കുപുറമെ എന്തെങ്കിലും അധികമായി രേഖപ്പെടുത്തുകയാണെങ്കിൽ ആയത് റിമാർക്ക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സംഘങ്ങളുടെ പേര് അടങ്ങിയ ലിസ്റ്റിൽ ഓരോ സംഘത്തിന്റെയും നേരെ ഇപ്പോൾ പ്രവർത്തിക്കുന്നതാണ്. പ്രവർത്തനരഹിതമാണോ? ലിക്വിഡേഷനിൽ തുടരുന്നവയാണോ? തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾകൊള്ളിക്കേണ്ടതും, ചട്ടം 15 പ്രകാരമുള്ള ശരിയായ തരംതിരിവ് (ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് തുടങ്ങിയ ഓരോ സംഘത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അതാത് കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. യാതൊരുകാരണവശാലും കോളത്തിൽ യാതൊരു രേഖപ്പെടുത്തലും കൂടാതെ അയക്കുവാൻ പാടുള്ളതല്ലാത്തതും എന്തെങ്കിലും സംഘത്തെ സംബന്ധിച്ച് കോളത്തിൽ പരാമർശിച്ചിരിക്കുന്നകാര്യങ്ങൾ ബാധകമല്ലായെങ്കിൽ ആയത് ബാധകമല്ല എന്ന് രേഖപ്പെടുത്തേണ്ടതും അധിക വിവരങ്ങൾ എന്തെങ്കിലും രേഖപ്പെടുത്തുവാനുണ്ടെങ്കിൽ ആയത് റിമാർക്ക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

പുതുതായി രജിസ്റ്റർ ചെയ്തതും ലിക്വിഡേറ്റ് ചെയ്തതും

2007–2008 വർഷത്തിൽ പുതുതായി രജിസ്റ്റർ ചെയ്ത സംഘങ്ങളുടെയും ലിക്വിഡേറ്റ് ചെയ്ത സംഘങ്ങളുടെയും പേരുവിവരം, തരംതിരിവ്, വിലാസം, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ എന്നിവ അടങ്ങിയ ലിസ്റ്റ് പ്രത്യേകം നൽകേണ്ടതാണ്.

അപ്രകാരം തയ്യാറാക്കിയ നമ്പർ സ്റ്റേറ്റ്മെന്റ് 15. 05. 2008 ന് മുമ്പായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

നമ്പർ സ്റ്റേറ്റ്മെന്റുകൾ യഥാസമയം, കൃത്യതയോടെ സമർപ്പിക്കുന്നതിൽ ഗുരുതരമായവീഴ്ച ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഈ വർഷത്തെ സ്റ്റേറ്റ്മെന്റുകൾ നിശ്ചിത സമയപരിധിക്കകം കൃത്യതയോടെ സമർപ്പിക്കേണ്ടതും സമർപ്പിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതുമാണ്. വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടിവരുമെന്നും ഓർമ്മിപ്പിക്കുന്നു.

ഒപ്പ്.
കെ. വി. സുരേഷ് ബാബു
സഹകരണ സംഘം രജിസ്ട്രാറുടെ ചുമതല വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

പകർപ്പ്; 1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
3. എഡിറ്റർ സഹകരണ വീഥി/ സഹകരണ ജേർണൽ
4. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി